**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 262** **12-10-2026-ൽ മറുപടിയ്ക്ക്**

**കൊണ്ടോട്ടി താലൂക്കിലെ റേഷൻ കടയുടെ റദ്ദ് ചെയ്ത ലൈസൻസ് പുനഃസ്ഥാപിക്കൽ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. പി. അഷ്റഫലി ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

**(എ)** മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി താലൂക്കിലെ 32/34 -ാം നമ്പർ റേഷൻ കടയുടെ ലൈസൻസിയായിരുന്ന ശ്രീമതി ഖദീജയുടെ റദ്ദാക്കിയ ലൈസൻസ് പുനഃസ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**മറുപടി:** ഉണ്ട്.

**(ബി)** ഉണ്ടെങ്കിൽ ഇതിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

**മറുപടി:** 06.08.2008-ലെ പരിശോധനയിൽ കണ്ടെത്തിയ ഗുരുതരമായ ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ ശ്രീമതി എം. ഖദീജയുടെ ലൈസൻസ് സ്ഥിരമായി റദ്ദാക്കുകയും ജാമ്യസംഖ്യ പൂർണ്ണമായും കണ്ടുകെട്ടുകയും ചെയ്തിരുന്നു. ഇതിനെതിരായ അപ്പീൽ നിരസിക്കപ്പെട്ടതിനെ തുടർന്ന് ബഹു. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ 17.09.2019-ന് പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ വ്യക്തിപരമായ ഹിയറിംഗ് നടത്തുകയും, അപ്പീൽ നിരസിച്ച് ജില്ലാ സപ്ലൈ ഓഫീസറുടെ ഉത്തരവ് ശരി വയ്ക്കുകയും ചെയ്തിട്ടുണ്ട്. 17.09.2019 മുതൽ പ്രസ്തുത റേഷൻ കടയിലെ ഒഴിവ് കണക്കാക്കി തുടർ നിയമന നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. വിവിധ ഘട്ടങ്ങളിലെ പരിശോധനകളും അപ്പീൽ നടപടികളും പൂർത്തിയാക്കി ലൈസൻസ് സ്ഥിരമായി റദ്ദാക്കിയ ഉത്തരവ് നിലനിൽക്കുന്ന സാഹചര്യത്തിൽ, ദീർഘകാലത്തിനുശേഷം പ്രസ്തുത വ്യക്തിക്ക് തന്നെ ലൈസൻസ് പുനഃസ്ഥാപിച്ച് നല്കുന്ന കാര്യം പരിഗണനാർഹമല്ലെന്ന് പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**(സി)** ശ്രീമതി ഖദീജ എന്നവരുടെ റദ്ദാക്കിയ റേഷൻ കടയുടെ ലൈസൻസ് പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**